INSTALLATION OF TELEPHONES FOR BUSINESS MEN AND THE PRESS— DIFFICULTIES REGARDING

185. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തിൽ പലേ സ്ഥലങ്ങളിലുമുള്ള വ്യവസായികൾക്കും പത്രങ്ങൾക്കും മറ്റും ടെലിഫോൺ സ്ഥാപിച്ചു കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകളെപ്പറ്റി ഗവൺമെണ്ടിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ കാര്യത്തെപ്പറ്റി മലബാർ മെയിലിലും ദീപത്തിലും എഴുതിയിരുന്ന മുഖ പ്രസംഗങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ :

(എ) ഉണ്ട്.

(ബി) ഉണ്ട്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: നിവേദനം കിട്ടിയതിനുശേഷം ആ കാര്യത്തിൽ ഗവൺമെണ്ട് വല്ലതും പ്രവർത്തിച്ചിട്ടുണ്ടോ ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇതിനെ സംബന്ധിച്ചു ഗവൺമെണ്ടിൽനിന്നു മദ്രാസ്സിലെ പോസ്റ്റ് ആൻറ് ടെലിഗ്രാഫ് സ് മാനേജർക്കും ഇൻഡ്യാ ഗവൺമെണ്ടിന്റെ പോസ്റ്റ് ആൻറ് ടെലിഗ്രാഫ് ഡയറക്ടർ ജനറാൾക്കും എഴുതി അയച്ചു. അനുകൂലമായ മറുപടികളാണ് കിട്ടിയതു്. ഇതിനുംപുറമെ വിദ്യാഭ്യാസ മന്ത്രി ഡെൽഹിയിൽ പോയപ്പോൾ ഇതിനെ സംബന്ധിച്ചു് പോസ്റ്റ് ആൻറ് ടെലിഗ്രാഫ് സെക്രട്ടറി ചീഫ് എഞ്ചിനീയരുമായിട്ടു ആലോചിച്ചു. അതിനുശേഷം അവിടെനിന്നു് ഒരാൾ ഇവിടെ വന്നിട്ടുണ്ടായിരുന്നു. കഴിയുന്നതും വേഗം, ഒരു മൂന്നുമാസത്തിനുള്ളിൽ നമുക്കു അതു് നിവൃത്തിച്ചു തരാമെന്നു് പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: മൂന്നുമാസമെന്നു പറയുന്നതു് അന്നത്തോട്ടോ അല്ലെങ്കിൽ ഇന്നു മുതലല്ലോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : അന്നത്തുടങ്ങിയാണു്.

RAM MOHAN PALACE AND ADJACENT GROUNDS—LENDING FOR MILITARY HOSPITAL PURPOSES—DETAILS REGARDING

186. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) റാം മോഹൻ പാലസ്സും ഗ്രൗണ്ടും സമീപപ്രദേശങ്ങളും മിലിട്ടറി ആശുപത്രിക്കായും മറ്റും വിട്ടുകൊടുത്തപ്പോൾ ഗവൺമെണ്ടിൽനിന്നും വല്ല വാടകയൊ പാട്ടമൊ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(സി) ഗവൺമെണ്ട് മിലിറ്ററിക്കു് എല്പിച്ചുകൊടുക്കുമ്പോൾ റാം മോഹൻ പാലസ്സിലുണ്ടായിരുന്ന വല്ല കെട്ടിടങ്ങളും ഭാഗങ്ങളും അവർ പൊളിച്ചു കളയുകയൊ മാറ്റം ചെയ്യുകയൊ ചെയ്തിട്ടുണ്ടോ ;

(ഡി) അങ്ങിനെ ചെയ്യുന്നപക്ഷം അവർ അതിനു നൽകേണ്ട നഷ്ടപരിഹാരത്തെ കുറിച്ചു് വല്ല വ്യവസ്ഥയും സ്ഥലം വിട്ടു കൊടുത്ത കാലത്തു ചെയ്തിട്ടുണ്ടൊ?

റാവു സാഹിബ്ബ് പി. വി. രാഘേൽ :

(എ) സൌജന്യമായിട്ടാണു് കൊടുത്തിരുന്നതു്.

(ബി) എ.ക്കുള്ള മറുപടി നോക്കുക.

(സി) രണ്ടു കക്കൂസുകൾ പൊളിച്ചിട്ടുണ്ടു്.

(ഡി) റാം മോഹൻ പാലസ്സും സമീപപ്രദേശങ്ങളും ഗവൺമെണ്ടിലേക്കു് തിരിച്ചു തരുമ്പോൾ ആവശ്യമുണ്ടെങ്കിൽ ആ രണ്ടു കക്കൂസുകളും വീണ്ടും പണിയിച്ചു തരുവാൻ മിലിട്ടറിക്കാർ ഏറ്റിട്ടുണ്ടു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇതു് എന്നേക്കു തിരിച്ചുകിട്ടും?

റാവു സാഹിബ്ബ് പി. വി. രാഘേൽ: അധികം താമസിയാതെ തിരിച്ചുകിട്ടും.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: എങ്കിലും അതെന്നേക്കു കിട്ടുമെന്നു പറയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് പി. വി. റാഫേൽ: തിരിച്ചു കിട്ടുന്നതിനെപ്പററി എഴുത്തുകത്തിലിരിക്കുകയാണു്.

മിസ്റ്റർ പി. വി. സബ്രോസ്റ്റ്യൻ: അവിടെ മിലിറററിവക വല്ല അഡീഷണൽ ബിൽഡിംഗ്സും പണിയിച്ചിട്ടുണ്ടൊ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: ധാരാളം പണിയിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. വി. സബ്രോസ്റ്റ്യൻ: അപ്പോൾ കെട്ടിടം തിരിച്ചു തരുമ്പോൾ അതിനു കോമ്പൻസേഷൻ കൊടുക്കേണ്ടി വരുകയില്ലെ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: അതിനെപ്പററിയൊക്കെയാണു് ആലോചിച്ചു വരുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കെട്ടിടം സൈജന്യമായി കൊടുത്തതിനു പ്രതിഫലമായിട്ടാണൊ അവിടെനിന്നു അവർ പൊളിച്ചുകളഞ്ഞ 2 കക്കൂസുകൾ പണിതു തരാമെന്നു്. പറയുന്നതു്?

റാവു സാഹിബ്ബ് പി. വി. റാഫേൽ: വേണമെങ്കിൽ അതു പണിതു തരാമെന്നു് അവർ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ പാലസ്സിൽ ഇപ്പോൾ ആരെങ്കിലും താമസിക്കുന്നുണ്ടൊ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: അവിടെയുള്ള സകല എകപിപ്പുമെൻസോടും കൂടി കിട്ടുന്നതിനു ഇനിയും താമസം നേരിട്ടാൽ അതെല്ലാം കിട്ടിയെന്നു വരുമൊ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: കഴിയുന്നതും വേഗം കിട്ടുന്നതിനുവേണ്ടിയുള്ള കറസ്പോണ്ടൻസു് നടത്തുന്നുണ്ടു്. മിലിട്ടറി ആവശ്യത്തിനു് കൊടുത്തിട്ടുള്ള സ്ഥലം അവിടെയുള്ള എല്ലാ എകപിപ്പുമെൻസോടുംകൂടി മടക്കിത്തരണമെന്നാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. അതിനെസംബന്ധിച്ചു അവിടെ ധാരാളം ഡിപ്പാർട്ടുമെണ്ടുകളുള്ളതുകൊണ്ടു് അവക്കൊക്കെ ഇതു് റഫർ ചെയ്യേണ്ടിവരും. അതിനുശേഷം താമസിയാതെ അതു മടക്കി കിട്ടുകയും ചെയ്യും. അതിനു കുറച്ചു സമയമെടുക്കുന്നു എന്നേയുള്ളു. There is the Military Finance, there is the Political Department, there is the Quarter-Master General, Director-General of Medicine.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ടെമ്പററി ഷെഡ്കൾ ഉദ്ദേശം എത്രനാൾ നിലനില്ക്കുമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്?

റാവുസാഹിബ്ബ് പി. വി. റാഫേൽ: ടെമ്പററിയാണെന്നു നമുക്കു അറിയാമല്ലൊ. നമുക്കു ഇതിൽ നഷ്ടമില്ല. നാം അധികം വിലയൊന്നും കൊടുക്കേണ്ടതില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതിലെ സകല എകപിപ്പുമെൻറ്സുംകൂടി നമുക്കു ഫ്രീയായിട്ടു വിട്ടുതരുവാൻ ആവശ്യപ്പെട്ടിട്ടുണ്ടൊ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: ഫ്രീയായിട്ടു കിട്ടുവാൻവേണ്ടിയാണു് കറസ്പോണ്ടൻസു് നടത്തുന്നതു്. അവർ ആവശ്യപ്പെട്ട മാതിരിയായിരുന്നു എങ്കിൽ പത്തൊ ഇരുപതൊ ലക്ഷം ഉറപ്പിക വില കൊടുത്തു് നാലുമാസത്തിനുമുമ്പുതന്നെ നമുക്കു എടുക്കാമായിരുന്നു.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഈ കെട്ടിടം കൊടുത്തപ്പോൾ അവരുമായിട്ടു വല്ല കൺട്രാക്റ്റും നടത്തിയിട്ടുണ്ടൊ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: കാൺട്രാക്ടൊന്നും നടത്തിയിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പേടി!

റാവുസാഹിബ്ബ് പി. വി. റാഫേൽ: പേടിയൊന്നുമുണ്ടായിട്ടല്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: ടെമ്പററി ഷെഡ്കൾ കെട്ടിയുണ്ടാക്കീട്ടു് ആളുകൾ താമസം കഴിവാക്കിയതിനുശേഷം നോട്ടമില്ലാതെയിട്ടിരുന്ന കേടുവരുത്തി പിന്നിട്ട നമുക്കു കിട്ടിയിട്ട വല്ല കാര്യവുമുണ്ടൊ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: അതു് സൂക്ഷിക്കുവാൻ വാച്ചുമാൻ ഉണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: രണ്ടു കക്കൂസുകൾ അവിടെ പണിയിച്ചിരുന്നതു് ആവശ്യമില്ലെന്നു കണ്ടിട്ടാണൊ പൊളിച്ചുകളഞ്ഞതു"?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് പി. വി. റാഫേൽ: അവരുടെ ആവശ്യത്തിനു അതു പൊളിക്കേണ്ടിവന്നു. നമുക്കു ആവശ്യമുണ്ടെങ്കിൽ അവർ പണിയിച്ചുതരുവാനും ഒരുക്കമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നമുക്കു ആവശ്യമായിട്ടല്ലെ അതു അവിടെ പണിയിച്ചതു്?

റാവുസാഹിബ്ബ് പി. വി. റാഫേൽ: പണിയിച്ചകാലത്തുള്ള രീതിയിൽ അതു ആവശ്യമായിരുന്നു. അവരുടെ ആവശ്യത്തിനു സ്ഥലം കൊടുത്തപ്പോൾ അതു പൊളിച്ചുകളഞ്ഞിട്ടുണ്ടു്. കെട്ടിത്തരാമെന്നും സമ്മതിച്ചിട്ടുണ്ടു്. അതു ആശുപത്രിയായിട്ടു ഉപയോഗിക്കണൊ അതൊ മറ്റുവല്ല ആവശ്യത്തിനും ഉപയോഗിക്കണൊ എന്നുള്ളതു് ആലോചനയിലിരിക്കുകയാണു്. ആശുപത്രിയായിട്ടു് ഉപയോഗിക്കുകയാണെങ്കിൽ അതു കഷ്ടപ്പാടുകളുടെ ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരുടെ സൌകര്യത്തിനുവേണ്ടി പൊളിച്ചുകളഞ്ഞതുകൊണ്ടു നമുക്കു അതിന്റെ വില കിട്ടണ്ടെ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: തീച്ചയായിട്ടും കിട്ടണം

മിസ്റ്റർ പി. കെ. ഡീവർ: എകപിപ്പുമെൻസെല്ലാം അവിടതന്നെയുണ്ടൊ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: വളരെ അധികമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കുറെയൊക്കെ അവർ മാറിയതായി കേട്ടുവല്ലൊ?

റാവുസാഹിബ്ബ് പി. വി. റാഫേൽ: അങ്ങിനെ കേട്ടതായി അറിവില്ല. വളരെ അധികം ഉണ്ടെന്നാണു് അറിവു്.

മിസ്റ്റർ പി. കെ. ഡീവർ: അതു മുഴുവൻ നമുക്കു കിട്ടുമോ?

റാവുബഹദൂർ ടി. കെ. നായർ: നമുക്കു വെറുതെ കിട്ടുന്നതാണു്, എന്തെല്ലാം ആണ മടക്കിത്തരേണ്ടതു് എന്നുള്ളതു് അവർ തീരുമാനിക്കേണ്ട കാര്യമാണു്. നമുക്കു വെറുതെകിട്ടുന്നതായാലും മുമ്പുണ്ടായിരുന്ന എല്ലാ സാധനങ്ങളും ഇല്ലാത്തതുകൊണ്ടു നമുക്കു വേണ്ട എന്നുപറയുവാനുള്ള അധികാരം ഉണ്ടു്. ഉള്ള സാമാനങ്ങളും കെട്ടിടങ്ങളുമെല്ലാം സൌജന്യമായി നമുക്കു വിട്ടുകിട്ടണമെന്നു ഇൻഡ്യാ ഗവൺമെണ്ടിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്. അവർ അതിനെപ്പറ്റി ദയവായി ആലോചിച്ചു വരുന്നുമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നമ്മൾ കാണിച്ച സിമ്പതിവെച്ചുകൊണ്ടല്ലെ അവരും സിമ്പതി കാണിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: നമ്മൾ കാണിച്ച സിമ്പതിയനുസരിച്ചു തന്നുകൊള്ളണമെന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരു ഉപകാരംചെയ്താൽ അതു അങ്ങോട്ടും ഇങ്ങോട്ടും വേണ്ടെ?

റാവുബഹദൂർ ടി. കെ. നായർ: അതനുസരിച്ചാണു് കറസ്പോണ്ടൻസു് നടത്തുന്നതു്.

മിസ്സിസ്സ് ടി. ഫ്രാൻസീസ്സ്: ആദ്യം അവരെ ഏല്പിച്ചതു് ഒരു കാൺട്രാക്റ്റാറായിരുന്നു എങ്കിൽ ഈ ബുദ്ധിമുട്ടുണ്ടാകുമായിരുന്നുവൊ?

റാവുബഹദൂർ ടി. കെ. നായർ: യുദ്ധകാര്യത്തിനുവേണ്ടി അത്യാവശ്യമായി കാൺട്രാക്റ്റുകൂടാതെ പലകാര്യങ്ങളും നടത്തീട്ടുണ്ടു്. മഹാരാജാവു തിരുമനസ്സുകൊണ്ടു് സൌജന്യമായി ഈ പാലസ്സുംകൂടി മിലിട്ടറി ആവശ്യത്തിനു കൊടുത്തിട്ടുണ്ടു്.

VERUMPATTAM TENANTS—SUITS DECREED AND EVICTIONS EFFECTED—STATISTICS REGARDING

187. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) what is the number of suits filed to evict Verumpattam tenants for failure to pay pattam in time during the following periods.—

(*i*) from Mithunam 1119 to Vrischigam 1121;

(*ii*) from Dhanu 1121 to Chingam 1122;

(*iii*) from Chingam 1122 to the end of Thulam 1122;

LIBRARY ARCHIVES Kerala Legislative Assembly